നടപടി ക്രമം

അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ.സി.സി ഡയറക്ടറേറ്റ്

(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം-10

**(ഹാജർ : മേജർ ജനറൽ രമേഷ് ഷൺമുഖം ജി)**

**എൻ .സി. സി ജീവനക്കാര്യം - ഫുൾ ടൈം സ്വീപ്പർ നിയമനം അനുവദിച്ച് താത്കാലിക ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

നമ്പർ. 275/എ2/II - എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 23 മേയ് 2025

സൂചന : (1) എൻ.സി.സി ഡയറക്ടറേറ്റിന്റെ 15.04.2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

(2) എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വോർട്ടേഴ്സ് തിരുവനന്തപുരത്തിന്റെ 07.05.2025 തീയതിയിലെ E3/2632/1(K)Bn/NCC നമ്പർ കത്ത്.

**ഉത്തരവ്**

1. 2-ാം കേരള ബറ്റാലിയൻ എൻ.സി.സി, തിരുവനന്തപുരം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ രാജാമോഹൻ ആർ, (PEN: 771037) FTS, 30.04.2025 തീയതിയിൽ വിരമിക്കുന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്തുന്നതിനും, സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന എഫ്.റ്റി.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനും സൂചന 1 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. സൂചന 2 പ്രകാരം ശ്രീ അഭിലാഷ് എസ് എസ്, പി.റ്റി.എസ്, 1 കേരള ബറ്റാലിയൻ എൻ.സി.സി, വർക്കല സ്ഥാനക്കയറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്താനായി അപേക്ഷകൾ ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല.

3. മേൽപ്പറഞ്ഞ അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2 കേരള ബറ്റാലിയൻ എൻ.സി.സി-യിൽ നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥാനക്കയറ്റം വഴി എഫ്.റ്റി.എസ് ആകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്ന പി.റ്റി.എസ് തസ്തികയിലെ ജീവനക്കാരനായ ആയ, 1 കേരള ബറ്റാലിയൻ എൻ.സി.സി, വർക്കല പി.റ്റി.എസ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ അഭിലാഷ് എസ് എസ്-നെ സ്ഥനക്കയറ്റം നൽകി 23000-50200/- രൂപ ശമ്പള നിരക്കിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ 2 കേരള ബറ്റാലിയൻ എൻ.സി.സി, തിരുവനന്തപുരം നിയമിച്ച് ഇതിനാൽ താത്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഓഫീസ് മേധാവികൾ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്. ഈ ഉത്തരവുമായി ബന്ധപ്പെട്ട പരാതികൾ 2025 മേയ് 28 നു മുമ്പ് ഈ ഡയറക്ടറേറ്റിൽ ലഭിക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പരാതികൾ വേഗം ലഭിമാക്കുന്നതിനായി nccjsest@gmail.com എന്ന വിലാസത്തിൽ e-mail ചെയ്യാവുന്നതാണ്.

ഒപ്പ്/- x x x

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ്:

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസുകൾക്കും - (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
എൻ.സി.സി ഓഫീസുകൾക്കും

**അംഗീകാരത്തോടെ**

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10